"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികവർഗ്ഗ വികസന വകുപ്പ് - എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് (വിജിലൻസ്) തിരുവനന്തപുരം - CC No.08/2017, CC.No. 09/2017 കേസുകളിലെ 30.11.2024 ലെ പൊതുവിധിന്യായം-**ശ്രീ. മാത്യു ജോർജ്ജ് (PEN 366140)**, സ്പെഷ്യൽ എക്സ്റ്റൻഷൻ ഓഫീസർ (നിലവിൽ സസ്പെൻഷനിൽ) - സേവനത്തിൽ നിന്നും പിരിച്ചുവിട്ടുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്**

സ.ഉ.(കൈ) നം.6/2026/SCSTD തീയതി,തിരുവനന്തപുരം, 03-03-2026

---

പരാമർശം:-

1. തിരുവനന്തപുരം എൻക്വയറി കമ്മീഷണർ& സ്പെഷ്യൽ ജഡ്ജ് (വിജിലൻസ്)-ന്റെ CCNo.08/2017, CC.No. 09/2017 കേസുകളിലെ 30.11.2024 ലെ പൊതുവിധിന്യായം.
2. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 16.12.2024-ലെ STDD/15948/2009-E2 നടപടിക്രമം.
3. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 17.12.2024-ലെ STDD/15948/2009-E2 നമ്പർ കത്ത്.
4. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ 01/03/2025 ൽ ശ്രീ. മാത്യു ജോർജ്ജിന് നൽകിയ STDD/15948/2009-E2 നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
5. ശ്രീ.മാത്യു ജോർജ്ജ് 13/03/2025 - ൽ സമർപ്പിച്ച കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടി.
6. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 02/04/2025 ലെ STDD/15948/2009-E2 നമ്പർ കത്ത്.
7. കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ 11.02.2026 ലെ A1-1/47/2025-kpsc നമ്പർ കത്ത്.

**ഉത്തരവ്**

1. പട്ടികവർഗ്ഗ വികസന വകുപ്പ് ആസ്ഥാന കാര്യാലയത്തിൽ സ്പെഷ്യൽ എക്സ്റ്റൻഷൻ ഓഫീസറായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. മാത്യു ജോർജ്ജ്, വാമനപുരം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറായി സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ പട്ടികവർഗ്ഗക്കാർക്കായുള്ള വിവിധ പദ്ധതികളുടെ നടത്തിപ്പിൽ സാമ്പത്തിക ദുരുപയോഗം ചെയ്തതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് (വിജിലൻസ്) മുമ്പാകെ രജിസ്റ്റർ ചെയ്ത CC No.08/2017, C.C No 09/2017 എന്നീ നമ്പർ കേസുകളിൽ ടിയാനെ കഠിന തടവിന് ശിക്ഷിച്ചുകൊണ്ട് പരാമർശം (1) പ്രകാരം വിധിന്യായം പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാനെ സേവനത്തിൽ നിന്നും 30.11.2024 തീയതി പ്രാബല്യത്തിൽ പരാമർശം (2) പ്രകാരം സസ്പെന്റ് ചെയ്തിരുന്നു. ശ്രീ. മാത്യു ജോർജ്ജ് ആശ്രിത നിയമന

പദ്ധതി പ്രകാരം സേവനത്തിൽ പ്രവേശിച്ച ഉദ്യോഗസ്ഥനാണ്.

2. പരാമർശം 1- ലെ വിധിന്യായം പ്രകാരം ശ്രീ. മാത്യു ജോർജ്ജിന് കഠിന തടവും പിഴയും ശിക്ഷിച്ച സാഹചര്യത്തിൽ , 1960 ലെ കേരള സിവിൽ സർവീസസ് ( ക്ലാസ്സിഫിക്കേഷൻ കൺട്രോൾ & അപ്പീൽ ) ചട്ടങ്ങളിലെ ചട്ടം 18 ന ചുവടെയുള്ള പ്രൊവിസോ (a) & (aa)-ലെ വ്യവസ്ഥകൾ പ്രകാരം ടിയാനെ സേവനത്തിൽ നിന്നും പിരിച്ചുവിടുന്നത് അടക്കമുള്ള അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം (4) പ്രകാരം ടിയാന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ആയതിന് ടിയാൻ പരാമർശം (5) പ്രകാരം മറുപടി നൽകുകയും ചെയ്തിരുന്നു.

3. പരാമർശം 1-ലെ വിധിന്യായത്തിനെതിരെ ശ്രീ. മാത്യു ജോർജ്ജ് , ബഹു.ഹൈക്കോടതിയിൽ അപ്പീൽ നൽകിയിട്ടുണ്ടെന്നും ആയത് ബഹു.ഹൈക്കോടതി ഫയലിൽ സ്വീകരിച്ചിട്ടുണ്ടെന്നും ടിയാന് ജാമ്യം ലഭിച്ചിട്ടുണ്ടെന്നും ടി അപ്പീലിന്മേൽ ടിയാൻ അനുകൂല വിധി പ്രതീക്ഷിക്കുന്ന സാഹചര്യത്തിലും അപ്പീൽ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലുള്ള സാഹചര്യത്തിലും സർവീസിൽ നിന്നും പിരിച്ചുവിടാനുള്ള തീരുമാനം ഉടനടി സ്വീകരിക്കരുത് എന്ന് പരാമർശം (5) പ്രകാരം ടിയാൻ കാരണം കാണിക്കൽ നോട്ടീസിന് മറുപടി സമർപ്പിച്ചിട്ടുണ്ട്

4. 1960 ലെ കേരള സിവിൽ സർവീസസ് ( ക്ലാസ്സിഫിക്കേഷൻ കൺട്രോൾ & അപ്പീൽ )ചട്ടങ്ങളിലെ ചട്ടം 18 ന ചുവടെയുള്ള പ്രൊവിസോ (a) & (aa) പ്രകാരം 30/11/2024 മുതൽ പ്രാബല്യത്തിൽ ശ്രീ.മാത്യു ജോർജ്ജിനെ സേവനത്തിൽ നിന്നും പിരിച്ചുവിടുന്ന വിഷയത്തിൽ സർക്കാർ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഉപദേശം ആരാഞ്ഞിരുന്നു. ടി വിഷയം ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച കമ്മീഷൻ, സർക്കാരിന്റെ താത്കാലിക തീരുമാനത്തോട് യോജിക്കുകയും അപ്രകാരം ഉപദേശിക്കുകയും ചെയ്യുന്നുവെന്ന വിവരം പരാമർശം (7) പ്രകാരം സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

5. 1960 ലെ കേരള സിവിൽ സർവീസസ് ( ക്ലാസ്സിഫിക്കേഷൻ കൺട്രോൾ & അപ്പീൽ ) ചട്ടങ്ങളിലെ ചട്ടം 18 ന ചുവടെയുള്ള പ്രൊവിസോ (a) & (aa)-ലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലും, കേരളാ പബ്ലിക് സർവീസ് കമ്മീഷന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിലും സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് (വിജിലൻസ്) - ന്റെCC No.08/2017, CC.No. 09/2017 കേസുകളിലെ 30.11.2024 - ലെ വിധിന്യായപ്രകാരം ശ്രീ. മാത്യു ജോർജ്ജിന് കഠിന തടവും പിഴയും ശിക്ഷ വിധിച്ച സാഹചര്യത്തിൽ, പട്ടികവർഗ്ഗ വികസന വകുപ്പ് ആസ്ഥാന കാര്യാലയത്തിൽ സ്പെഷ്യൽ എക്സ്റ്റൻഷൻ ഓഫീസറായി സേവനമനുഷ്ഠിച്ചിരുന്ന (നിലവിൽ സസ്പെൻഷനിൽ) **ശ്രീ.മാത്യു ജോർജ്ജിനെ (PEN 366140)**, 1960-ലെ കേരള സിവിൽ സർവീസ് ( ക്ലാസ്സിഫിക്കേഷൻ കൺട്രോൾ & അപ്പീൽ ) ചട്ടങ്ങളിലെ ചട്ടം 18 ന ചുവടെയുള്ള പ്രൊവിസോ (a) & (aa)-ലെ വ്യവസ്ഥകൾ പ്രകാരം 30.11.2024 (സസ്പെൻഷൻ തിയതി) മുതൽ പ്രാബല്യത്തിൽ സേവനത്തിൽ നിന്നും പിരിച്ചു വിട്ടുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ എ കൗശിഗൻ ഐഎഎസ്
സെക്രട്ടറി

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.(ആമുഖ കത്ത് സഹിതം).
ശ്രീ. മാത്യു ജോർജ്ജ്, TC 71/4062, നികുഞ്ജം,കുഴിവിളാകം,
വള്ളക്കടവ് പി ഒ,വലിയതുറ ,തിരുവനന്തപുരം-8 (by Registered Post/ Speed Post equivalent).
സെക്രട്ടറി,കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്(ADV-A1/17/2025-P and ARD dt.16/07/2025).
ഇൻഫർമേഷൻ ഓഫീസർ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Rani K C
Date: 04-03-2026 10:43:09
സെക്ഷൻ ഓഫീസർ

പകർപ്പ്:-
ബഹു.പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ പി എസ് ന്